# MALAYALAM- (Code-012)
# SAMPLE QUESTION PAPER
## Class X (2025-26)

Std X

Time Allowed : 3 Hrs — Maximum Marks : 80

അനുവദിച്ച സമയം : 3 മണിക്കൂർ — ആകെ മാർക്ക് : 80

---

*The question paper is divided into two sections :*

*Section A : Reading Comprehension - 15 marks*

*Section B : Creative Writing - 14 marks*

*Section C : Grammar - 15 marks*

*Section D : Literature - 36 marks*

---

**എ വിഭാഗം [Section : A]**

**1. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** [8x1=8]

ഏതൊരു ഭാഷയെയും പരിപുഷ്ടമാക്കുന്ന ഒട്ടേറെ ഘടകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് തർജമ. അന്യഭാഷകളിലെ സാഹിത്യസമ്പത്തും പദാവലികളും പ്രയോഗരീതികളും സ്വായത്തമാക്കാൻ തർജ്ജമ ഉപകരിക്കുന്നു. ഇംഗ്ലീഷിൽ ട്രാൻസ്ലേഷൻ എന്നു പറയുന്ന ഈ പ്രക്രിയയെ വിവർത്തനം, പരിഭാഷ, ഭാഷാന്തരം, മൊഴിമാറ്റം, തർജമ എന്നീ പദങ്ങൾ കൊണ്ടാണ് മലയാളത്തിൽ വ്യവഹരിക്കുന്നത്. അർത്ഥം മുൻനിർത്തിക്കൊണ്ട് മറ്റൊരു ഭാഷയിലേക്ക് മാറ്റുന്നതാണ് വിവർത്തനം എന്ന് സുപ്രസിദ്ധ ആംഗല സാഹിത്യകാരനും നിഘണ്ടുകാരനുമായ ഡോക്ടർ സാമുവൽ ജോൺസൺ വിവർത്തനത്തെ ലളിത മനോഹരമായി നിർവചിച്ചിട്ടുണ്ട്. ഒരു ഭാഷയിലെ പദങ്ങളും അർത്ഥവും ആശയവും മാത്രമല്ല, അന്തർഭാവങ്ങളും ചൈതന്യവും കൂടി മറ്റൊരു ഭാഷയിലേക്കു പകരുമ്പോൾ മാത്രമേ നല്ല തർജമ രൂപം കൊള്ളുകയുള്ളൂ. ഭാഷാശാസ്ത്രം, സാഹിത്യം, വൈജ്ഞാനിക മേഖലകൾ, സാങ്കേതിക വിദ്യ, ആശയവിനിമയം, ഭരണം, നയതന്ത്രം, വാണിജ്യം, മതം തുടങ്ങി ജീവിതത്തിന്റെ സമസ്തമേഖലകളിലും തർജമ അനിവാര്യമായിത്തീർന്നിരിക്കുന്നു. ഇന്ത്യയെ സംബന്ധിച്ചിടത്തോളം തർജമയുടെ പ്രസക്തി വളരെ വലുതാണ്. ഭാഷാപരമായും സാഹിത്യപരമായും തർജമയുടെ പ്രസക്തി വളരെ വലുതാണ്. ഭാഷാപരമായും സാഹിത്യപരമായും വ്യത്യസ്തതകൾ പുലർത്തുന്ന ഈ മഹാരാജ്യത്ത് ജനങ്ങളെ ഒറ്റക്കെട്ടായി നിർത്തി ദേശീയോദ്ഗ്രഥനം സാധ്യമാക്കുന്നതിന് സഹായിക്കുന്നത് തർജമയത്രേ. തർജമകൾ മുഖേന വളരെയേറെ സമ്പന്നവും സമ്പുഷ്ടവുമായ ഒരു ഭാഷയാണ് മലയാളം. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളവർമ്മയുടെ പ്രഭാവത്താൽ വിവർത്തനങ്ങളുടെ ഒരു വേലിയേറ്റം തന്നെ മലയാളത്തിലുണ്ടായി. 1881ൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ അഭിജ്ഞാന ശാകുന്തളം മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തതോടു കൂടിയാണ് മലയാള വിവർത്തന രംഗത്ത് ഒരു മുന്നേറ്റമുണ്ടായത്. ഒരു ഡച്ച് ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് പരിഭാഷയെ ആസ്പദമാക്കി കേരളവർമ്മ വലിയകോയിത്തമ്പുരാൻ തയ്യാറാക്കിയ 'അക്ബർ' എന്ന മലയാളകൃതി പാശ്ചാത്യ ഭാഷകളിൽ നിന്നുള്ള വിവർത്തനങ്ങളുടെ വരവിനെ വർദ്ധിപ്പിച്ചു. വിക്ടർ ഹ്യൂഗോയുടെ 'ലേ മിറാബിൾ' എന്ന ഫ്രെഞ്ചുകൃതി

നാലപ്പാട്ടു നാരായണമേനോൻ 'പാവങ്ങൾ' എന്ന പേരിൽ വിവർത്തനം ചെയ്തു. പദ്യവിവർത്തനങ്ങളിൽ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മഹാഭാരത പരിഭാഷയ്ക്കുള്ളത്ര സമുന്നതമായ ഒരു സ്ഥാനമാണ് മലയാള ഗദ്യമേഖലയിൽ 'പാവങ്ങൾ'ക്കുള്ളത്.

**ചോദ്യങ്ങൾ**

1.(a) ഇന്ത്യയെ സംബന്ധിച്ചിടത്തോളം തർജമയുടെ പ്രസക്തി വളരെ വലുതാണെന്ന് പറയാൻ കാരണമെന്ത്?

1.(b) മലയാളത്തിൽ പാശ്ചാത്യഭാഷകളിൽ നിന്നുള്ള വിവർത്തനങ്ങളുടെ വരവിനെ വർദ്ധിപ്പിച്ച കൃതിയേതാണ്?

1.(c) ഡോക്ടർ സാമുവൽ ജോൺസൺ വിവർത്തനത്തെ നിർവ്വചിച്ചതെങ്ങനെ?

1.(d) മലയാള വിവർത്തന രംഗത്ത് മുന്നേറ്റമുണ്ടായതെങ്ങനെ?

1.(e) ഒരു നല്ല തർജമ രൂപം കൊള്ളുന്നതെങ്ങനെയാണ്?

1.(f) തർജമ അനിവാര്യമായ മേഖലകൾ ഏതെല്ലാം?

1.(g) ഇംഗ്ലീഷിൽ ട്രാൻസ്ലേഷൻ എന്നു പറയുന്ന പ്രക്രിയയെ മലയാളത്തിൽ ഏതൊക്കെ പദങ്ങൾ ഉപയോഗിച്ചാണ് വ്യവഹരിക്കുന്നത്?

1.(h) തർജമ ഉപകരിക്കുന്നതെന്തിനാണ്?

**2. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (ഓരോന്നിനും ഓരോ മാർക്ക് വീതം)** [7x1=7]

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യത്തിന്റെ അടിത്തറ പാകിക്കൊണ്ടാണ് ബൃഹത്തായ നമ്മുടെ ഭരണഘടനയ്ക്കു രൂപം നൽകിയിട്ടുള്ളത്. ലോകത്തെ വിവിധ ഭരണഘടനകളിൽ നിന്നും നല്ലവ എടുത്തു ചേർത്താണ് അതുണ്ടാക്കിയത്. ഇതിനെ ഡോ.അംബേദ്കർ 'കടം വാങ്ങലിന്റെ സഞ്ചയം' (Bag of borrowings) എന്നാണു വിശേഷിപ്പിച്ചത്. സ്വാതന്ത്ര്യ സമരസേനാനികളുടെ ഭാവി ഭാരതത്തെക്കുറിച്ചുള്ള സ്വപ്നങ്ങളുടെ ആവിഷ്കാരമാണ് ഭരണഘടനയിലൂടെ പ്രതീക്ഷിക്കുന്നത്. ഭാരതത്തിന്റെ ഭരണഘടനയ്ക്ക് ഖ്യാതി നൽകുന്ന സവിശേഷതകൾ നിരവധിയാണ്. ഭാരതം ഒരു പരമാധികാര, സോഷ്യലിസ്റ്റ്, മതേതരത്വ, ജനാധിപത്യ റിപ്പബ്ലിക്കാണെന്ന് അതിന്റെ ആമുഖത്തിൽ പ്രതിപാദിക്കുന്നു. ജനങ്ങൾക്ക് നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ആമുഖം ഉറപ്പ് നൽകുന്നുണ്ട്. നിയമ നിർമ്മാണാധികാരമുള്ള പാർലമെന്റ്, സ്വതന്ത്ര ജുഡീഷ്യറി. ഭരണ നിർവഹണത്തിനുള്ള എക്സിക്യൂട്ടീവ് എന്നിവ ചേർന്നുള്ള ത്രിമുഖ സംവിധാനമാണ് ഭരണഘടന വിഭാവനം ചെയ്യുന്നത്. 1949 നവംബർ 26നാണ് നമ്മുടെ ഭരണഘടനയെ ഭരണഘടനാ നിർമ്മാണസഭ ഔപചാരികമായി അംഗീകരിക്കുന്നത്. അങ്ങനെ അംഗീകരിക്കപ്പെട്ട ഭരണഘടനയുടെ ആമുഖത്തിൽ സ്ഥിതി സമത്വം (സോഷ്യലിസം), മതനിരപേക്ഷത (സെക്യുലറിസം) എന്നീ വാക്കുകൾ ഉണ്ടായിരുന്നില്ല. ഇവ രണ്ടും 1976-ൽ നാല്പത്തി രണ്ടാം ഭരണഘടന ഭേദഗതിയിലൂടെയാണ് നമ്മുടെ ഭരണഘടനയുടെ ആമുഖത്തിൽ എഴുതി ചേർത്തത്. അംഗീകരിക്കപ്പെട്ടിട്ട് 75 വർഷം പൂർത്തിയാക്കുന്ന നമ്മുടെ ഭരണഘടനയാണ് രാജ്യത്തെ എല്ലാ നിയമങ്ങൾക്കും നിയമമായിട്ടുള്ളത്. ലോകത്തിലെ എഴുതപ്പെട്ട ഏറ്റവും വലിയ ഭരണഘടന നമ്മുടേതാണ്. ഭരണഘടന ഔപചാരികമായി അംഗീകരിക്കപ്പെട്ട നവംബർ 26 ദേശീയ നിയമദിനം എന്നപേരിൽ കഴിഞ്ഞ 25 വർഷത്തിലധികമായി ഭാരതീയ അഭിഭാഷക പരിഷത്തും സംവിധാൻ ദിവസ് (ഭരണഘടനാ ദിനം) എന്ന പേരിൽ 2015 മുതൽ കേന്ദ്ര സർക്കാർ ഔദ്യോഗികമായും ആഘോഷിച്ചു വരുന്നുണ്ട്.

**ചോദ്യങ്ങൾ**

2.(a) ഭരണഘടനയുടെ ആമുഖത്തിൽ പ്രതിപാദിക്കുന്നതെന്താണ്?

2.(b) ഡോ.അംബേദ്കർ ഭരണഘടനയെ വിശേഷിപ്പിച്ചത് എങ്ങനെ?

2.(c) ദേശീയ നിയമദിനമായി ആചരിക്കപ്പെടുന്ന ദിവസമേതാണ്?

2.(d) ഭരണഘടനയുടെ ആമുഖം ഉറപ്പ് നൽകുന്നതെന്താണ്?

2.(e) 1976 ൽ 42-ാം ഭരണഘടനാ ഭേദഗതിയിലൂടെ നമ്മുടെ ഭരണഘടനയുടെ ആമുഖത്തിൽ എഴുതിചേർത്ത വാക്കുകൾ ഏതെല്ലാം?

2.(f) ഭരണഘടന വിഭാവനം ചെയ്യുന്നതെന്താണ്?

2.(g) ഭരണഘടനയിലൂടെ പ്രതീക്ഷിക്കുന്നതെന്താണ്?

**ബി വിഭാഗം [Section : B]**

**3.(a) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക** [5]

(i) പുതുതലമുറയും നൂതനസാങ്കേതികപദ്ധതികളും

(ii) ഇന്ത്യൻ കായികരംഗം

3.(b) സൈബർ ലോകത്തിലെ ചതിക്കുഴികൾക്കെതിരെ, വിദ്യാർത്ഥികളിൽ ബോധവൽക്കരണം നടത്താൻ പത്രത്തിൽ സ്ഥിരമായി വാർത്തകൾ പ്രസിദ്ധീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും പ്രമുഖപത്രത്തിന്റെ മുഖ്യ പത്രാധിപർക്ക് കത്ത് തയ്യാറാക്കുക. [5]

3.(c) നിങ്ങളുടെ സ്കൂളിൽ സംഘടിപ്പിച്ച 'ലഹരിവിമുക്ത കേരളം' പരിപാടിയുമായി ബന്ധപ്പെട്ട പത്രവാർത്ത തയ്യാറാക്കുക. [4]

**സി വിഭാഗം [Section : C]**

**4.(a) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക** [2x1=2]

(i) യുദ്ധത്തിൽ വളരെ പരിക്കുകളേറ്റിട്ടുണ്ടെങ്കിലും കൗരവപ്പടയിൽ മരിക്കാതെ ശേഷിച്ച ആ മൂന്നുപേർ വിവരമറിഞ്ഞു പാഞ്ഞുവന്ന് ചോരയിലാണ്ടു കിടന്ന ദുര്യോധനനെ കണ്ടു.

(ii) ചൊടിയുള്ള ഒരു വൃദ്ധയുടെ ജാഗ്രതയോടു കൂടി മദാം മല്ലാർ ഒരു നിമിഷനേരം കൊണ്ട് ഈശ്വരവന്ദന മുറിയിലേക്കു പാഞ്ഞു.

**4.(b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** [2x1=2]

(i) അകത്തു കടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതും അസ്വസ്ഥവുമായ സൗമ്യഭാവത്തോടു കൂടി അനങ്ങാതെ വിരൽത്തുമ്പു കൊണ്ടു പതുക്കെ അയാൾ വാതിലുന്തി

(ii) അരാജകമായ അവസ്ഥയിൽ പോലും സത്യവും നിതിയും നേരും പുലർത്തുന്ന പത്രങ്ങളുടെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുന്നു എന്നാണ് അഭിപ്രായത്തിന്റെ സാരം

**4.(c) പ്രയോഗം മാറ്റുക** [2x1=2]

(i) അർജ്ജുനനാൽ അവരെ കണ്ട ഉടനെ അസ്ത്രത്തെ സത്വരം പ്രതിസംഹരിക്കപ്പെട്ടു.

(ii) ഒരു വാക്കുകൊണ്ട് ഔസേപ്പ് അപേക്ഷ നിഷേധിച്ചു.

**4.(d) ഏതെങ്കിലും രണ്ട് പ്രയോഗങ്ങൾ ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ എഴുതുക** [2x1=2]

(i) ലംഘിക്കുക (ii) കാതോർത്തു (iii) ആട്ടിയകറ്റുക

**5. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.** [7x1=7]

5. (a) 'ശല്യം' എന്ന പദത്തിന്റെ നാനാർത്ഥ പദങ്ങൾ ഏവ?

(a) വിശ്വാസം-നന്മ (b) അമ്പ്-ഉപദ്രവം

(c) അടയാളം-ചിഹ്നം (d) ഉപദ്രവം-അടുത്ത്

5. (b) ദിനം തോറും - എന്നതിന്റെ ശരിയായ ഒറ്റപ്പദം ഏത്?

(a) പ്രതിവാരം (b) പ്രതിയാമം

(c) പ്രതിദിനം (d) പ്രതിലോമം

5. (c) 'നിശ്ശബ്ദം' എന്ന പദം ശരിയായി പിരിച്ചെഴുതുമ്പോഴുള്ള രൂപം ഏതാണ്?

(a) നിശ്+ശബ്ദം (b) നിഃ+ശബ്ദം

(c) നിശ്ശ+ശബ്ദം (d) നി+ശബ്ദം

5. (d) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏത്?

(a) ആമ്രേഡിതം (b) അമ്രേടിതം

(c) ആമ്രേഢിതം (d) ആമ്രോഡിതം

5. (e) 'വെൺമണൽ' എന്ന പദത്തിന്റെ വിഗ്രഹിച്ചെഴുതിയ ശരിയായ രൂപമേത്?

(a) വെണ്മയുള്ള മണൽ (b) വെണ്മയേറിയ മണൽ

(c) വെളുത്ത മണൽ (d) വെള്ളയായ മണൽ

5. (f) 'നിജ' എന്ന പദത്തിന്റെ വിപരീതപദമേതാണ്?

(a) തവ (b) മമ

(c) വീചി (d) ഹയം

5. (g) 'അശ്വം' എന്ന പദത്തിന്റെ പര്യായപദമല്ലാത്തത് ഏത്?

(a) തുരഗം (b) വാജി

(c) വീചി (d) ഹയം

5. (h) 'സംഭ്രാന്തി' — എന്നതിന് അർത്ഥമായി വരുന്ന പദമേതാണ്?

(a) ലജ്ജ (b) പരിഹാസം

(c) ഭയം (d) പുഞ്ചിരി

5. (i) 'ചപല' എന്ന പദത്തിന്റെ എതിർലിംഗ ശബ്ദമേത്?

(a) ചപലൻ (b) ചാപലൻ

(c) ചാപൻ (d) ചാപകൻ

5. (j) നിലം - നലം എന്നീ പദങ്ങളുടെ ശരിയായ അർത്ഥവ്യത്യാസം എഴുതുക.

(a) ഭൂമി-ജലപ്രവാഹം (b) തറ-നന്മ

(c) ചിത്രം-ആകാശം (d) ഓർമ്മ-നക്ഷത്രം

## ഡി വിഭാഗം [Section : D]

**6. തന്നിരിക്കുന്ന പന്ത്രണ്ട് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 2 മാർക്ക് വീതം)** [9x2=18]

6.(a)(i) "ആ ഹൃദയോന്നതിക്കു മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിപ്പാൻ ആർക്കു സാധിക്കും" — ഈ പ്രസ്താവനയിൽ ദുര്യോധനന്റെ ഹൃദയോന്നതിയും ആഭിജാത്യവും മഹത്തരമാണെന്ന് പറയാൻ കാരണമെന്ത്?

(a) ആദ്യം ദുശ്ശളയെക്കുറിച്ചോർത്തതിനാൽ

(b) ഭാര്യയെക്കുറിച്ചോർത്തതുകൊണ്ട്

(c) ചതിപ്രയോഗം നടത്തിയതിനാൽ

(d) അധർമ്മ മാർഗ്ഗത്തിലൂടെ യുദ്ധം ചെയ്തതിനാൽ

(ii) പ്രസ്തുത അഭിപ്രായം ആരുടേതാണ്?

(a) വ്യാസൻ (b) കുട്ടികൃഷ്ണമാരാർ

(c) കൃഷ്ണൻ (d) അശ്വത്ഥാമാവ്

6.(b)(i) 'തവജ്ഞാനമില്ലായ്കയെന്നറിക നീ ലക്ഷ്മണാ' - അറിവില്ലായ്മ കാരണം ലക്ഷ്മണൻ ചിന്തിച്ചതെന്ത്?

(a) വനത്തിലേക്ക് പോകാൻ (b) ശ്രീരാമനെ എതിർക്കാൻ

(c) ലോകം ദഹിപ്പിക്കാൻ (d) മാതാവിനെ ഉപേക്ഷിക്കാൻ

(ii) ലക്ഷ്മണനെ ഇപ്രകാരം ചിന്തിപ്പിക്കാൻ പ്രേരിപ്പിച്ചതെന്ത്?

(a) ദേഹം (b) രാജ്യം

(c) സമ്പത്ത് (d) മനസ്സ്

6.(c)(i) "കയ്യിൽ ഘടികാരമില്ലെങ്കിലും ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു" — വെള്ളായിയപ്പൻ അറിഞ്ഞ സമയം ഏതായിരുന്നു?

(a) വൈകുന്നേരം 5 മണി (b) ഉച്ചയ്ക്ക് 12 മണി

(c) രാവിലെ 5 മണി (d) രാത്രി 8 മണി

(ii) വെള്ളായിയപ്പൻ ഈ സമയം അറിയുന്നത് എവിടെവെച്ചാണ്?

(a) പാഴുതറയിൽ (b) ചവിട്ടടിപ്പാതയിൽ

(c) റെയിൽവേസ്റ്റേഷനിൽ (d) ജയിലിൽ

6.(d)(i) "ക്രോധമല്ലോ നിജധർമ്മക്ഷയകരം

ക്രോധം പരിത്യജിക്കേണം ബുധജനം" — ക്രോധം മൂലമുണ്ടാകുന്ന ദോഷങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?

(a) സംസാരബന്ധനം (b) സംസാരനാശിനി

(c) മനസ്താപം (d) ധർമ്മക്ഷയകരം

(ii) ക്രോധം പരിത്യജിക്കേണ്ടത് ആരാണ്?

(a) വിവേകികൾ (b) അജ്ഞാനികൾ

(c) അവിവേകികൾ (d) പാമരർ

6.(e)(i) 'പിറ്റേന്നു കാലത്ത് ആ നാഴി കഞ്ഞുവെള്ളവും നാല് കഷണം കപ്പയും ഒരു വഴക്കിന് കാരണമായി' - വഴക്കിന് കാരണമെന്താണ്?

(a) കപ്പയും കഞ്ഞിയും താഴെ വീണുപോയതിനാൽ

(b) കോരന്റെ അപ്പൻ മുഴുവനും കഴിച്ചതിനാൽ

(c) ചിരുത ആഹാരം അല്പംപോലും കഴിക്കാതിരുന്നതിനാൽ

(d) കഞ്ഞിയും കപ്പയും കേടായിപ്പോയതിനാൽ

(ii) പ്രസ്തുത സന്ദർഭം ഉൾപ്പെടുന്ന നോവൽഭാഗം ഏത് നോവലിൽ നിന്ന് എടുത്തതാണ്?

(a) കയർ (b) ചെമ്മീൻ

(c) രണ്ടിടങ്ങഴി (d) തോട്ടിയുടെ മകൻ

6.(f)(i) "മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്

പാളയും പൂടയും മൂടിയ കണ്ണുകൾ" — പ്രസ്തുത വരികളിൽ അമ്മയുടെ കണ്ണുകളിൽ നിറയുന്ന ഭാവങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?

(a) ദൈന്യത (b) അനാരോഗ്യം

(c) വാർദ്ധക്യം (d) ആനന്ദം

(ii) പ്രസ്തുത വരികൾ എഴുതിയ റഫീക്ക് അഹമ്മദിന്റെ കൃതി ഏതാണ്?

(a) ഗ്രാമവൃക്ഷത്തിലെ കുയിൽ (b) മുച്ചീട്ടു കളിക്കാരന്റെ മകൾ

(c) ഗ്രാമവൃക്ഷത്തിലെ വവ്വാൽ (d) സൂര്യഗീതം

6.(g)(i) 'പത്രമില്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക, ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ്' — ഇങ്ങനെ അഭിപ്രായപ്പെട്ടതാരാണ്?

(a) നെപ്പോളിയൻ (b) ജഫേഴ്സൺ

(c) ഇബ്സൻ (d) സുകുമാർ അഴീക്കോട്

(ii) ഈ അഭിപ്രായം നൽകുന്ന അർത്ഥസൂചനയെന്ത്?

(a) പത്രങ്ങൾ സമൂഹത്തെ സംരക്ഷിക്കുന്നു

(b) പത്രങ്ങൾ സമൂഹത്തിൽ അപകടം സൃഷ്ടിക്കും

(c) പത്രങ്ങൾ ജനതയെ മൂല്യബോധമില്ലാത്തവരാക്കുന്നു

(d) പത്രങ്ങൾ വായിക്കുന്നത് ദുശ്ശീലമാണ്

6.(h)(i) 'ഓണമുറ്റത്ത്' എന്ന കവിതയിൽ 'പ്രിയമകൾ' എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് ആരെയാണ്?

(a) ഗ്രാമപ്പെൺകൊടിമാരെ (b) ഓണത്തെ

(c) ഉഷസ്സിനെ (d) വീണയെ

(ii) 'ഓണമുറ്റത്ത്' എന്ന കവിത ഉൾപ്പെടുന്ന കവിതാസമാഹാരമേതാണ്?

(a) മിന്നാമിന്നി (b) വിട

(c) വിത്തും കൈക്കോട്ടും (d) ഓണപ്പാട്ടുകൾ

6.(i)(i) 'ഉപ്പുകൊണ്ടുള്ള പ്രതിമപോലെ അയാൾ നിന്നേടത്തു തന്നെ മിഴിച്ചു നിന്നു' — ഈ വരിയിൽ സൂചിപ്പിക്കുന്നതാരെയാണ്?

(a) മദാം മഗ്ലാർ (b) മോൺസിന്യോർ വെൽക്കം

(c) ഴാങ് വാൽ ഴാങ് (d) മെത്രാൻ

(ii) ഈ വരിയിൽ സൂചിതമാകുന്ന മാനസികാവസ്ഥ എന്ത്?

(a) പരിഹാസം (b) ലജ്ജ

(c) ഭയം (d) വിഷാദം

6.(j)(i) 'രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്?' — ആരാണ് ഇങ്ങനെ ചിന്തിച്ചത്?

(a) ചിരുത (b) ഔസേപ്പ്

(c) കോരൻ (d) കോരന്റെ പിതാവ്

(ii) രാത്രിയിൽ നടക്കുന്ന വ്യാപാരമെന്തായിരുന്നു?

(a) നെല്ല് വൃത്തിയാക്കൽ

(b) നെല്ല് കൂലിക്കാർക്ക് കൊടുക്കൽ

(c) നെല്ല് ഉയർന്ന വിലയ്ക്ക് വിൽക്കൽ

(d) നെല്ല് സംഭരിക്കൽ

6.(k)(i) "ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും, മടങ്ങാതെ വയ്യ!" — ഇവിടെ പഴി പറയുന്നതാരാണ്?

(a) അമ്മ (b) ഭാര്യ

(c) വീട്ടുകാർ (d) നാട്ടുകാർ

(ii) തന്നിരിക്കുന്ന വരികളിൽ പ്രകടമാകുന്ന സാമൂഹ്യപ്രശ്നം ഏതാണ്?

(a) മദ്യപാനവും അക്രമവും

(b) സ്ത്രീധന പ്രശ്നം

(c) കുടുംബബന്ധങ്ങളിലെ ശൈഥില്യം

(d) കടബാധ്യത

6.(I)(i) ‘ഞാൻ വളരെ ചെറുപ്പം മുതൽക്കേ വായിക്കാൻ തുടങ്ങിയ പത്രങ്ങൾ ഇന്നും വിടാതെ വായിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെയാണ് ഞാൻ വളർന്നത്’ — ആരുടേതാണ് ഈ അഭിപ്രായം?

(a) ഓസ്കാർ വൈൽഡ് (b) സാമുവൽ ബട്ലർ

(c) സുകുമാർ അഴീക്കോട് (d) ഇബ്സൻ

(ii) ‘പത്രനീതി’ എന്ന ലേഖനം ഉൾപ്പെടുന്ന കൃതിയേതാണ്?

(a) തത്ത്വമസി (b) വിശ്വസാഹിത്യപഠനങ്ങൾ

(c) എന്തിനു ഭാരതാംബേ (d) നവയാത്രകൾ

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക.** [3x3=9]

7.(a) ‘അർഥപൂർണ്ണങ്ങളായ മൗനങ്ങൾ വാചാലമാകുന്നതാണ് ‘കടൽത്തീരത്ത്’ എന്ന കഥയെ വേറിട്ടു നിർത്തുന്നത്’ — ‘കടൽത്തീരത്ത്’ എന്ന കഥയെ ആസ്പദമാക്കി ഈ പ്രസ്താവന വിലയിരുത്തുക.

7.(b) ‘ഭാരതമാകട്ടെ, നടന്ന കഥ മാത്രമല്ല നടക്കാനിരിക്കുന്ന കഥ കൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു’ — കുട്ടികൃഷ്ണമാരാരുടെ പ്രസ്താവനയെ സമകാലിക സാഹചര്യവുമായി ബന്ധപ്പെടുത്തി വിശദമാക്കുക.

7.(c) ‘അരി കിട്ടാത്ത നീണ്ട നീണ്ട പട്ടിണിക്കാലം കോരൻ മുന്നിൽ കണ്ടു’ — എല്ലുമുറിയെ പണിയെടുത്തിട്ടും ദാരിദ്ര്യത്തിൽ ജീവിക്കേണ്ടി വരുന്ന കർഷകത്തൊഴിലാളിയുടെ ദയനീയാവസ്ഥയാണ് ‘പ്ലാവിലക്കഞ്ഞി’ എന്ന കഥയിലൂടെ പ്രകടമാകുന്നത് — കോരന്റെ ജീവിതാവസ്ഥയിലൂടെ വിലയിരുത്തുക.

7.(d) “ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളതു മറക്കരുതേ” — മെത്രാന്റെ ഈ വാക്കുകൾ മാനുഷിക മൂല്യങ്ങൾ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഇന്നത്തെ സമൂഹത്തിന് ഒരു പുതു സന്ദേശവുമായി മാറുന്നുണ്ടോ? സ്വാഭിപ്രായം രേഖപ്പെടുത്തുക.

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക.** [3x3=9]

8.(a) ‘കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിൽ അഭിമാനിക്കുന്ന കവിയെയാണ് ‘ഓണമുറ്റത്ത്’ എന്ന കവിതയിൽ കാണാൻ കഴിയുക -- പാഠഭാഗത്തെ അടിസ്ഥാനമാക്കി ഈ പ്രസ്താവന വിശദമാക്കുക.

8.(b) സമകാലിക സമൂഹത്തിലെ മനുഷ്യത്വരഹിതമായ സമീപനങ്ങളാണ് ‘അമ്മത്തൊട്ടിൽ’ എന്ന കവിത മുന്നോട്ടു വയ്ക്കുന്നത് — കവിതയിലെ സന്ദർഭങ്ങൾ ചൂണ്ടിക്കാട്ടി വിശകലനം ചെയ്യുക.

8.(c) ‘ലക്ഷ്മണസാന്ത്വനം’ എന്ന കവിതാ ഭാഗത്ത് ശ്രീരാമൻ ലക്ഷ്മണന് നൽകുന്ന ഉപദേശങ്ങൾ എഴുത്തച്ഛൻ ലോകജനതയ്ക്ക് നൽകുന്നവ തന്നെയാണ് — ഈ വാക്യത്തെ കാവ്യഭാഗവുമായി ബന്ധപ്പെടുത്തി വിവരിക്കുക.

8.(d) ‘അശ്വമേധം’ എന്ന കവിതയിൽ മനുഷ്യന്റെ സർഗശേഷി വിജയം നേടിയ ചരിത്രമുഹൂർത്തങ്ങളെ കവി പരാമർശിക്കുന്നുണ്ട് — കാവ്യസന്ദർഭങ്ങൾ കണ്ടെത്തി വ്യക്തമാക്കുക.